പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

# പോലീസ് സേനയിലെ ക്രിമിനലുകൾക്കെതിരെ നടപടി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 160.    3/2/2020-ൽ മറുപടിക്ക്

ചോദ്യം    മറുപടി

ശ്രീ.കെ. ബാബു    പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന പോലീസ് സേനയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന പോലീസ് സേനയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിനായി പോലീസ് ഉദ്യോഗസ്ഥരുടെ ക്രിമിനൽ പശ്ചാത്തലവും, പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ട ക്രിമിനൽ കേസുകളുടെ സ്വഭാവവും കൃത്യമായി നിരീക്ഷിക്കുകയും, കൂടാതെ ക്രിമിനൽ സ്വഭാവമുള്ള പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിന് രഹസ്യാന്വേഷണ വിഭാഗം ശക്തിപ്പെടുത്തിക്കൊണ്ട് ചെറിയ കുറ്റകൃത്യങ്ങ-ളിൽപ്പോലും ഉൾപ്പെട്ട സേനാംഗങ്ങൾക്കെ-തിരെ ശക്തമായ നിയമനടപടികളും വകുപ്പുതല അച്ചടക്ക നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത്തരം ക്രിമിനൽ സ്വഭാവമുള്ള ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ക്രിമിനൽ സ്വഭാവമുള്ള ഉദ്യോഗസ്ഥന്മാർ-ക്കെതിരെ അവർ ചെയ്ത കുറ്റകൃത്യങ്ങൾക്ക് അനുസൃതമായ വകുപ്പുകൾ പ്രകാരം ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തും, വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചും, ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ